(സി) പദ്ധതിവിഹിതം ചെലവഴിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതിവിഹിതം ചെലവഴിക്കാത്തതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച ആയിരം കോടി രൂപ തിരിച്ചുപിടിച്ചിട്ടുണ്ടോ;

(ഇ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതമായി അനുവദിക്കുന്ന തുക അതാത് മാസം ചെലവഴിച്ചില്ലെങ്കിൽ തിരിച്ച് ഈടാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി)*:

(എ) 73,74 എന്നീ ഭരണഘടനാഭേദഗതികളെത്തുടർന്ന് 1994-ലെ കേരള പഞ്ചായത്ത്രാജ് ആക്ടും, കേരള മുനിസിപ്പൽ ആക്ടും നടപ്പാക്കിയതുമുതൽ, അധികാരത്തിലിരുന്ന സംസ്ഥാന സർക്കാരുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിവിധ അധികാരങ്ങൾ നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതിന് കൂടുതൽ അധികാരങ്ങൾ നൽകുന്ന കാര്യവും ഈ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) അധികാരങ്ങളൊന്നും തിരിച്ചെടുത്തിട്ടില്ല. എന്നാൽ പുതിയ ജലസേചന ആക്ട് വന്നതിനുശേഷം ചെറുകിട ജലസേചന നിർവചനത്തിൽ മാറ്റം വന്നിട്ടുണ്ട്.

(സി) പദ്ധതിവിഹിതം ചെലവഴിക്കുന്നത് സംബന്ധിച്ച് ഓരോ വർഷവും മാർഗ്ഗനിർദ്ദേശം നൽകാറുണ്ട്. 2004-2005 വാർഷിക പദ്ധതിക്കായി 31-3-2004-ലെ ജി.ഒ. (എം.എസ്.) 40/2004/പ്ളാനിംഗ് മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ട്.

(ഡി) പ്ളാൻ, നോൺ പ്ലാൻ ഇനത്തിൽ ചെലവാകാതിരുന്ന 845 കോടിയോളം രൂപ ജൂലൈ 2003-ൽ തിരിച്ചുപിടിച്ചിരുന്നു. അതിൽ 335 കോടി രൂപ പദ്ധതി ഇനത്തിലും ഏകദേശം 200 കോടി രൂപ പദ്ധതി ഇതര ഇനത്തിലും തിരികെ നൽകിയിട്ടുണ്ട്.

(ഇ) ഇല്ല.

ഇന്റർസ്റ്റേറ്റ് ഇന്റലിജൻസ് വിഭാഗത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ

*23 [22] *ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ* :

,, *ടി. കെ. ദേവകുമാർ* :

,, *മഞ്ഞളാംകുഴി അലി* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്റർസ്റ്റേറ്റ് ഇന്റലിജൻസ് ഏജൻസി വിഭാഗം എല്ലാ സംസ്ഥാനങ്ങളിലും പോലീസ് സേനയിൽ രൂപവൽക്കരിക്കണമെന്ന കേന്ദ്ര നിർദ്ദേശം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഈ പ്രത്യേക വിഭാഗം രൂപീകരിക്കുന്നതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മത-സാമൂഹ്യ- സാംസ്കാരിക സംഘടനകൾക്ക് വിദേശത്ത് നിന്നും ലഭിക്കുന്ന പണത്തിന്റെ വിനിയോഗത്തെക്കുറിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദ വിവരം അറിയിക്കാമോ;

(ഇ) വിദേശത്ത് നിന്നും ലഭിക്കുന്ന പണം പ്രസ്തുത സംഘടനകൾ ഭീകര-വിധ്വംസക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടോ എന്ന് സർക്കാർ അന്വേഷിച്ചിട്ടുണ്ടോ;

(എഫ്) ഇതുസംബന്ധിച്ച് സംസ്ഥാന ഇന്റലിജൻസ് വിഭാഗം നടത്തിയ അന്വേഷണ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)* :

(എ) നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഒന്നിലധികം സംസ്ഥാനങ്ങളുടെ രഹസ്യാന്വേഷണ ഏജൻസികൾക്ക് പരസ്പരം താൽപ്പര്യമുള്ള വിവരങ്ങൾ സംയോജിപ്പിച്ച് വേഗത്തിൽ കൈമാറുകയും അതിനോടനുബന്ധിച്ചുള്ള ഓപ്പറേഷനുകൾ നടത്തുകയും എന്നതാണ് പ്രത്യേക വിഭാഗം രൂപീകരിക്കുന്നതിന്റെ ഉദ്ദേശ്യം.

(സി) & (ഡി) വിദേശത്തുനിന്ന് ലഭിക്കുന്ന ധനസഹായം നിയന്ത്രിക്കുന്നതും അതിന്റെ കണക്കുകൾ പരിശോധിക്കുന്നതും ഫോറിൻ കോൺട്രിബ്യൂഷൻ റഗുലേഷൻ ആക്ട് പ്രകാരം കേന്ദ്ര ആഭ്യന്തര മന്ത്രാലയമാണ്. ആയതിനാൽ സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ പ്രത്യേക അന്വേഷണം നടത്തിയിട്ടില്ല.

(ഇ) ഭീകര വിധ്വംസക പ്രവർത്തനങ്ങൾക്ക് വൻതുകകൾ വിനിയോഗിക്കുന്നുണ്ടോയെന്ന് സംസ്ഥാന ഇന്റലിജൻസ് വകുപ്പ് അന്വേഷിക്കാറുണ്ട്.

(എഫ്) കേരളത്തിലെ മത-സാമൂഹ്യ-സാംസ്കാരിക സംഘടനകൾ ഭീകര-വിധ്വംസക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതായി വിവരം ലഭിച്ചിട്ടില്ല.

പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള വ്യവസ്ഥകൾ

*24 [23] *ശ്രീ. വി. കെ. ചന്ദ്രൻ* :

„ *എ. കെ. ബാലൻ* :

„ *രാജു എബ്രഹാം* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly